# വിപഞ്ചിക



സ്കൂൾ ഡിജിറ്റൽ മാഗസിൻ







## ജി എം എച്ച് എസ് എസ് വെട്ടിക്കവല



# താളുകൾ മറിക്കുമ്പോൾ

ആമുഖം

പത്രാധിപസമിതി

ചരിത്രം

എന്റെ വിദ്യാലയം

മണ്ണിൽ നിന്നാകട്ടെ ആദ്യപാഠം

അനിമേഷൻ വിശേഷം

അനിമേഷൻ ക്വിസ്

കടൽത്തീരം

മഴവന്നാൽ

MANCHINEEL

ഗുളികാ നാമങ്ങൾ

കുട്ടിയും തള്ളയും

മധുരം മലയാളം കടംകഥകൾ

എന്റെ നാട്

IT quiz 2019- little kites

പഴഞ്ചൊല്ലുകൾ

പ്രശ്നോത്തരി

ഹയ്യോ.....ഇരുട്ട് ...!

ഓണപ്പൂവിളി പൊങ്ങുന്നേ . ..

ദേജുവിന്റ്റ പാവക്കുട്ടി

ഹിരോഷിമാദിന പോസ്റ്റർ

മഹത് കവിത

മഹത്തായ കണ്ടുപിടുത്തങ്ങൾ

പൂർണ്ണ രൂപങ്ങൾ

ചങ്ങമ്പുഴ കൃ ഷ്ണപിള്ള

എന്റെ ഗ്രാമം

song of a dream

പരിസ്ഥിതിദിനം


മർകസ് ഹോവൻ

ആൻഫ്രാങ്ക്

SAVE THE EARTH



# ആമുഖം



പൊതുവിദ്യാഭ്യാസസംരക്ഷണത്തിന്റെ ഭാഗമായി ഹൈടെക്ക് സ്കൂൾ പദ്ധതിയോടനുബന്ധിച്ച് പൊതുവിദ്യാലങ്ങളിൽആരംഭിച്ച ലിറ്റിൽ കൈറ്റ് ക്ലബ്ബ് ഈവർ-ഷവും ഡിജിറ്റൽമാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. ആദ്യഘട്ടത്തിൽത്തന്നെ ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ ഭാഗമായി മാറിയ ജി എം എച്ച് എസ്സ്എസ്സ് വെട്ടിക്കവല സ്കൂളും ഈ സംരഭത്തിൽ ഭാഗഭാക്കാവുന്നു.

“വിപഞ്ചിക” എന്ന ഡിജിറ്റൽ മാഗസിൻ പൂർണ്ണമായും ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയ്യാറാക്കിയതാണ്.കുട്ടികളിലെ കഴിവിന് പ്രാധാന്യം നൽകുന്ന ഈ സംരഭത്തിൽ പങ്കാളികളാകാൻ സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. രചനകൾ നൽകി മാഗസിൻ തയ്യാറാക്കാൻ സഹായിച്ച എല്ലാവരോടും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു

ചീഫ് എഡിറ്റർ

# ചരിത്രം

ഗോവിന്ദ് എ പ്രമോദ് 9 എ

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കൊല്ലം-തിരുമംഗലം ദേശീയപാതയിൽ ചെങ്ങമനാട് എന്ന സ്ഥലത്തു നിന്നും രണ്ടു കിലോമീറ്റർ തെക്കു കിഴക്കായി വെട്ടിക്കവല എന്ന ഗ്രാമത്തിലാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. ഈ സ്കൂളിന്റെ ഓഡിറ്റോറിയത്തിനടുത്തുള്ള ഗ്രൗണ്ടിൽ ധാരാളം കാട്ടുവള്ളികളാൽ ചുറ്റപ്പെട്ട ഒരു വെട്ടിമരവും അതിനോടു ചേർന്ന് ഒരു കാവും ഉണ്ടായിരുന്നു. അങ്ങനെയാണ് വെട്ടിവൃക്ഷം ഉള്ള കവല എന്ന അർത്ഥത്തിൽ ഈ ഗ്രാമത്തിന് വെട്ടിക്കവല എന്ന പേര് വന്നത്. രണ്ടു മഹാക്ഷേത്രങ്ങളുടെയും മെയിൻ റോഡിന്റെയും മുന്നിലായി കിഴക്കുവശത്ത് കുന്നിൻ ചരുവിലാണ് സ്കൂൾ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത്. പ്രധാന കെട്ടിടം ഇപ്പോഴത്തെ ഹൈസ്കൂളിന്റെ ഓഫീസ് പ്രവർത്തിക്കുന്ന 'H' ആകൃതിയിലുള്ള കെട്ടിടമാണ്. ഇതിന്റെ ഉത്ഘാടനം 1093- ലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എ.ഡി. 2000 ആണ്ടിൽ ഇത് ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു.



# എന്റെ വിദ്യാലയം


GOVT: MODEL H.S.S
ESTD: 1918
VETTIKAVALA
AUTO TAXI
AUTO TAXI
VETTIKAVALA
ഹരിത വിദ്യാലയം







# മണ്ണിൽ നിന്നാകട്ടെ ആദ്യപാഠം

ഭാരതം കൃഷിപ്രധാന രാജ്യമാണ്.സമൂഹത്തിന്റെ ഏതു നിലയിൽപ്രവർത്തിച്ചാലും ഒരു കർഷകൻ ആണ് താനെന്ന് അഭിമാനത്തോടെ പറയുവാൻ കഴിയുമ്പോഴാണ്പ്രകൃതിയോടും മണ്ണിനോടും ആദരവ് പുലർത്തുന്ന യഥാർത്ഥമനുഷ്യനായിനമ്മൾമാറുന്നത്'ചേറിൽ കൈകുത്താത്തവന്ചോറിൽ

കൈകുത്താനവകാശമില്ല'.എന്ന ചൊല്ല് വെറുംപഴഞ്ചൊല്ലല്ലമറിച്ച്ഇന്നത്തെ സാഹചര്യത്തിൽ ഏറെ അർത്ഥമുള്ള ഒരു വാക്യംകൂടിയാണ്

പ്രകൃതിമൂലധനത്തിന്റെസംരക്ഷണംകൃഷിയിലൂടെമാത്രമേസാധ്യമാവുകയുള്ളു. ഈ ലക്ഷ്യങ്ങൾമുൻനിർത്തിക്കൊണ്ടാണ് നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാകുന്നത്കൃഷി അഭിവൃദ്ധിപ്പെടുത്താതെയഥാർത്ഥവികസനം

സാധ്യമാകില്ല. ഇതിനായിഎല്ലാകുട്ടികളും ഒത്തൊരുമിച്ച്പ്രവർത്തിക്കുകയുംമറ്റുള്ളവരെബോധവാന്മാർആക്കാൻ

ശ്രമിക്കേണ്ടതുമാണ്.സ്കൂളുകളിൽവിവിധതരം പരിസ്ഥിതി,കാർഷികക്ലബ്ബ് പ്രവർത്തനത്തിലൂടെകുട്ടികളുടെ കൃഷിയോടുള്ള ആഭിമുഖ്യം

വർദ്ധിപ്പിക്കേണ്ടതാണ്ടതാണ്. 'നമ്മുടെ കൃഷി നമ്മുടെ അന്നം' എന്ന മുദ്രാവാക്യ മുയർത്തി കൃഷിയിലൂടെമണ്ണും മനുഷ്യനുംതമ്മിലുള്ളബന്ധത്തിന്റെ സംസ്കാരംപുതുതലമുറയ്ക്ക്നമുക്ക് പകർന്നു നൽകാം

# അനിമേഷൻ വിശേഷം

## ഒക്ടോബർ 28 ലോക അനിമേഷൻ ദിനം

നന്ദന സന്തോഷ് 9 എ

2002 മുതലാണ് ഒക്ടോബർ 28 രാജ്യാന്തര അനിമേഷൻ ദിനമായി ആഘോഷിച്ചു തുടങ്ങിയത്.ചാൾസ് എമിൽ റെയ്നോട് വികസിപ്പിച്ചെടുത്ത തിയറ്റർ ഒപ്റ്റീക്എന്ന അനിമേറ്റഡ് വിങ് പിക്ചർ സംവിധാനം ഉപയോഗിച്ച് ആദ്യമായി പ്രദർശനം നടത്തിയതിന്റെ ഓർമയിലാണ് ഈ ദിവസം രാജ്യാന്തര അനിമേഷൻ ദിനമായി ആഘോഷിക്കുന്നത് .1892 ൽ ആയിരുന്നു പ്രദർശനം. റെയ്നോഡ് തന്നെ സംവിധാനം ചെയ്ത pauvre pierrot എന്ന ഹ്രസ്വ അനിമേറ്റഡ് സിനിമയാണ് പ്രദർശിപ്പിച്ചത്. 500 ചിത്രങ്ങൾ ചേർത്തുവെച്ചുകൊണ്ടാണ് സിനിമനിർമ്മിച്ചത് . 15 മിനിറ്റ് ദൈർഘ്യമുള്ള സിനിമയുടെ 4 മിനിറ്റ് ദൈർഘ്യമുള്ള ഭാഗം മാത്രമേ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ.

നന്ദന പ്രദീപ് 9 എ

# അനിമേഷൻ ക്വിസ്

1. അനിമേറ്റഡ് കാർട്ടൂണിന്റെ പിതാവ്

എമിൽ കോൾ [ഫ്രാൻസ്].

2. ആദ്യത്തെ അനിമേഷൻ ചിത്രം

ഹ്യൂമറസ് ഫെയ്സസ് അഥവാ ഫണ്ണി ഫെയ്സസ്.

3. ഏറ്റവും പഴക്കം ചെന്ന അനിമേറ്റഡ് കാർട്ടൂൺ

ഫന്റാസ്മഗോരി [1908].

4. ആദ്യത്തെ കംപ്യൂട്ടർ അനിമേറ്റഡ് ഫീച്ചർ സിനിമ

ടോയ്സ്റ്റോറി [1995].

5. അമേരിക്കൻ അനിമേഷന്റെ പിതാവ്

ജെ സ്റ്റുവർട്ട് ബ്ലാക്ടൺ.

6. ആദ്യത്തെ മുഴുനീള അനിമേഷൻ ഫീച്ചർ സിനിമ

സ്നോ വൈറ്റ് ആന്റ് ദ സെവൻ ഡ്വാർഫ്സ് [ഡിസ്നി ലാൻഡ്].

7. ഇന്ത്യൻ അനിമേഷന്റെ പിതാവ്

റാം മോഹൻ.

ആദിത്യൻ എസ് 9 എ

# കടൽത്തീരം



# മഴവന്നാൽ

ആദിത്യൻ.എസ്9 എ

മഴ വന്നാലൊരു പതിവുണ്ട്
കുടയില്ലാതെ നടപ്പാണ്
ചറപറ പെയ്യും മഴയെത്ത്
ഓടിചാടി നടപ്പാണ്
ചേമ്പില തേടി നടന്നിട്ട്
കുടയാക്കീടുക പതിവാണ്.
കുടുകുടു വെള്ളം പായുമ്പോൾ
തോണിയിറക്കുക രസമാണ്

# MANCHINEEL

നവനീത് കൃഷ്ണൻ 9 എ

## This May Look Like An Ordinary Tree… But If You Touch One, You're Pretty Much Dead



**Now, however, there is a tree that you need to add to your list, called the manchineel. It is found along the coast of Florida as well as other places in South America, and it is a deathly tree from it's fruit to its bark.**







**Smoke from burning the trees can also causes severe irritation to the skin and eyes, and can be deadly if inhaled, so don't try using them for firewood.**

**This tree is dangerous if you touch it, stand under it for shelter from the rain, use it for firewood, etc.**

ഗീതു ജി 9 എ

# തൂലികാ നാമങ്ങൾ

1) അക്കിത്തം - അച്ചുതൻ നമ്പൂതിരി
2) ഉറൂബ് -P.C കുട്ടികൃഷ്ണൻ
3) വിലാസിനി - M K മേനോൻ
4) സഞ്ജയൻ - M R നായർ
5) തിക്കോടിയൻ -P കുഞ്ഞനന്തൻ നായർ
6) കക്കാട് - നാരായണൻ നമ്പൂതിരി
7) കേരളപാണിനി - A R രാജരാജവർമ്മ
8) പാറപ്പുറം - K E മത്തായി
9) കാക്കനാടൻ - ജോർജ്ജ് വർഗ്ഗീസ്
10) സാഹിത്യപഞ്ചാനനൻ - P K നാരായണപിള്ള
11) കേരളവാല്മീകി - വള്ളത്തോൾ
*12)* ചെറുകാട് - ഗോവിന്ദപിഷാരടി

# കുട്ടിയും തള്ളയും

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി

ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവറ്റെ-
ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-
യന്തിക്കു പൂങ്കാവിലാളേറെയായി;
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ—വന്നൂ വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടി
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-
ലെന്തോന്നുരയ്ക്കുന്നു നീ?—ഞാനറിഞ്ഞു,

"എന്താതനാം ദേവനോതുന്നതേ ഞാ-
നെന്താകിലും ചെയ്യൂ"വെന്നല്ലയല്ലീ?

# മധുരം മലയാളം കടംകഥകൾ

- അകത്തു സ്വർണം പുറത്തു വെള്ളി .

  കോഴിമുട്ട

- എണ്ണക്കുഴിയിൽ ഞാവൽപഴം.

  കൃഷ്ണമണി.

- ആയിരം കുഞ്ഞുങ്ങൾക്ക് ഒരു അരഞ്ഞാണം.

  ചൂല്.

- കയ്ക്കും പുളിക്കും മധുരിക്കും മിഠായി.

  നെല്ലിക്ക.

- കയ്പുണ്ട് കാഞ്ഞരം അല്ല, മുള്ളുണ്ട് മുരിക്കല്ല.

  പാവയ്ക്ക.

- അങ്ങോട്ടോടി ഇങ്ങോട്ടോടി ഉള്ളത് പറയും ഞാൻ ആര്.

  ത്രാസ്.

സൂര്യ വി 9 B

## എന്റെ നാട്



# IT quiz 2019- little kites

NAVANEETHKRISHNAN 9 A

*** What is the full form of RAM**
***Random Access Memory***

***** ***This is an operating system used world wide .what is the name of this software***



***Android***

***** ***identify the person who is co-founder of microsoft***




***bill gates***



***** ***who is the father of super computers***
***seymour cray***

***** ***which is the first super computer in india***
***param 8000***

***** ***identify this device?***
***Transistor***





** who invented external hard disk*
*reynold .b.jhonson*



** identify this to people whose were the founders of google*

*sergy brin & larry page*



** who invented mouse*
*douglas engelbert*

** this is a world famous logo identify ?*
*Microsoft*

## പഴഞ്ചൊല്ലുകൾ

**കെസിയ സാബു 9 എ**

അടി തെറ്റിയാൽ ആനയും വീഴും.

(വലിയവനും ചുവടുപിഴച്ചാൽ വീഴ്ചപറ്റും)

അഞ്ചു വിരലും ഒരു പോലല്ല

(എല്ലാ മക്കളും ഒന്നു പോലെയാവില്ല)

അധികമായാൽ അമൃതും വി
ഷം

(നല്ല വസ്തുവായാലും വളരെ കൂടിയാൽ ഉപദ്രവകാരിയാണ്)

അങ്കവും കാണാം താളിയുമൊടിക്കാം.

(രണ്ടു കാര്യങ്ങൾ ഒരുമിച്ച് സാധിക്കാം)

ആറ്റിൽ കളഞ്ഞാലും അളന്നുകളയണം.

(എന്തു ചെലവാക്കിയാലും അതിനു കണക്കു വേണം)

ഇടിവെട്ടിയവനെ പാമ്പ് കടിച്ചു

(ആപത്തിനുമേൽ മറ്റൊരാപത്ത്)

അമ്പലം ചെറുതെങ്കിലും പ്രതിഷ്ഠക്കു ബലം

(ചെറിയവരെങ്കിലും നല്ല മനക്കരുത്തുള്ളവർ)

അപ്പം തിന്നാൽ മതി കുഴിയെണ്ണണ്ട

(കാര്യം സാധിച്ചാൽമതി എങ്ങനെ സാധിച്ചു
എന്നറിയേണ്ടതില്ല)

ഇരിക്കും മുമ്പേ കാൽ നീട്ടരുത്

(അവസാനത്തേത് ആദ്യം ചെയ്യരുത് ക്ഷമവേണം)

ഉള്ളതു കൊണ്ട് ഓണം

(കുറച്ചേ ഉള്ളുവെങ്കിലുംഅതിൽ തൃപ്തിപ്പെടുക)

# പ്രശ്നോത്തരി

1.പാലിൽ അടങ്ങിയിരിക്കുന്ന പഞ്ചസാര ഏത് ?

ലാക്ടോസ്

2.ലെവുലോസ്എന്നറിയപെടുന്നത് ?

ഫ്രക്ടോസ്

3.തേനിൽ അടങ്ങിയിരിക്കുന്ന പ്രധാന പഞ്ചസാര ഏത് ?

ഫ്രക്ടോസ്

4. മെഴുക് ലയിക്കുന്ന ദ്രാവകം ഏത് ?

***ബെൻസിൻ***

# ഹയ്യോ.....ഇരുട്ട്...!

ആദിത്യ ജെ

ഇരുട്ടിനോടുള്ള പേടിക്ക് ഒരു പേരുണ്ട്

നിക്ടോഫോബിയ.

ഇരുട്ടിനെ പേടിയുള്ള ഒരു പ്രശസ്ത

ശാസ്ത്രജ്ഞനുണ്ടായിരുന്നു.


ആരെന്നോ?. തോമസ് ആൽവ എഡിസൻ! അതെ

വൈദ്യുതബൾബ് കണ്ടുപിടിച്ച്  ലോകത്തെ

ഇരുട്ടു മാറ്റുന്നതിൽ വലിയ

പങ്കു വഹിച്ച

ശാസ്ത്രജ്ഞൻ.



സച്ചു.എസ് 9 ബി

# ഓണപ്പൂവിളി പൊങ്ങുന്നേ...

ഓണം വന്നേ ഓണം വന്നേ
ഓലേഞ്ഞാലികൾ പാടുന്നേ
തിരുവോണത്തിനു വട്ടം കൂട്ടാൻ
ഓണച്ചന്തയൊരുങ്ങുന്നേ !
ഓണം വന്നേ ഓണം വന്നേ
ഓരോ തൊടിയും പൂക്കുന്നേ
ഓണപ്പൂവുകൾ നുള്ളാനുണ്ണികൾ
ഓടിച്ചാടി നടക്കുന്നേ
ഓണം വന്നേ ഓണം വന്നേ
ഓണത്തുമ്പികൾ പാറുന്നേ
ഓണക്കോടികൾ വാങ്ങാനാളുകൾ
ഓരോ കടയും കേറുന്നേ
ഓണം വന്നേ ഓണം വന്നേ
ഓണനിലാവു പരക്കുന്നേ
ഓണത്തപ്പനെയെതിരേറ്റീടാൻ
ഓണപ്പൂവിളി പൊങ്ങുന്നേ!

# ദേജുവിന്റ്റ പാവക്കുട്ടി



ഒരു ഗ്രാമത്തിൽ ദേജ എന്നൊരു സുന്ദരി പെൺകുട്ടി ഉണ്ടായിരുന്നു.അവൾക്ക് കൂട്ടുകാരുമായികളിക്കാൻ ഇഷ്ടമായിരുന്നു. അവളുടെ പ്രായത്തിലുള്ള കുട്ടികളുമൊരുമിച്ച് കളിക്കമ്പോൾ ദേജമാത്രം ഒറ്റയ്ക്കിരുന്ന്കളിക്കും. അവൾക്ക് കളിക്കാൻകളിപ്പാട്ടങ്ങൾ ഉണ്ടായിരുന്നില്ല. കളിപ്പാട്ടങ്ങളില്ലാതെ ദേജ കളിക്കാൻ പോയാൽ കൂട്ടുകാർ അവളെ കളിയാക്കും. ഒരു ദിവസം ദേജ അച്ഛന്റെയും അമ്മയുടെയും കൂടെ

കല്യാണത്തിനുപോയി. വീട്ടിലേക്ക് വരുമ്പോൾ ദേജ്ജ ബസ്സിലിരുന്ന് വലിയ കട കണ്ടു.അവിടെ നല്ല ഭംഗിയുള്ള പാവക്കുട്ടികളുണ്ട്.ദേജ്ജ അവിടേക്ക് നോക്കിയിരുന്നു. അപ്പോൾ ബസ്സിന്റെ ബാക്ക്സീറ്റിൽ ഇരുന്ന് ഒരു ചെറിയ കുട്ടി കരയുന്നുണ്ടായിരുന്നു. "എന്തിനാണ് മോൻ കരയുന്നത്? മോൻ ഒറ്റയ്ക്കാണോ

ബസ്സില് കയറിയത് ?" അപ്പോൾ ദേജ്ജവിന്റെ അച്ഛൻ ബസ്സിലെ ആളോട് പറഞ്ഞു: "ഒരു കുട്ടി,ഒരു കുട്ടി...ബസ്സ് നിർത്ത്..ബസ്സ് നിർത്ത്...

ദേജ്ജ ആ കുട്ടിയെ ദേജ്ജവിന്റെ അമ്മയുടെ അടുത്തിരുത്തി.എന്നിട്ട് ദേജ്ജ അച്ഛനോട് പറഞ്ഞു: "പോലിസിനെ അറിയിക്കാം."

എന്നിട്ട് ദേജ്ജ ആ കുട്ടിയെ സമാധാനിപ്പിച്ചു.പിന്നെ ബസ്സിൽ ഉണ്ടായിരുന്ന എല്ലാവരും കൂടി ആ കുട്ടിക്ക് വീട്ടിൽ പോകാൻ വഴി കണ്ടെത്തി കൊടുത്തു. ദേജ്ജവും അച്ഛനും അമ്മയും ആ കുട്ടിയെ വീട്ടിൽ

കൊണ്ടാക്കി.അപ്പോൾ കുട്ടിക്ക് സന്തോഷമായി.

പിറ്റേന്ന് ദെജ്ജുവിന്റെ അമ്മ വാതിൽ തുറന്നപ്പോൾ, ബസ്സിൽ വച്ച് കണ്ട ആ കുട്ടിയും അച്ഛനും അമ്മയും വീടിന്റെ മുന്നിൽ നിൽക്കുന്നു.കുട്ടികളുടെ കൈയിൽ കുറെ പാവക്കുട്ടികളുണ്ടായിരുന്നു.ദേജ്ജ ചോദിച്ചു "ആർക്കാ ഇത്രയും പാവക്കുട്ടികൾ" കുട്ടി പറഞ്ഞു:ദേജ്ജചേച്ചിക്കാണ്,ദേജ്ജചേച്ചി ബസ്സിലിരുന്ന പാവക്കുട്ടികളെനോക്കുന്നത്ഞാൻ കണ്ടു. അതുകൊണ്ടാണ്," ദേജ്ജവിന് സന്തോഷമായി. കളിപ്പാട്ടം ഇല്ലാത്ത കുട്ടികൾക്ക് ദേജ്ജ പാവക്കുട്ടികൾ കൊടുത്തു. അങ്ങനെ ദേജ്ജക്കുട്ടിയും പാവക്കുട്ടിയും ആ കൂട്ടുകാരുമൊത്ത് കുറേനാൾ കളിച്ചു.

അഭിനവ്.എ 9 എ

# ഹിരോഷിമാദിന പോസ്റ്റർ



ഗോവിന്ദ് എ പ്രമോദ് 9 എ

# മഹത് കവിത

തൂലികത്തുമ്പത്തൊരു മാത്രയെത്തിയി
ട്ടോടിമറഞ്ഞ മഹത്ക്കവിതേ
പിന്നിട്ടു പിന്നിട്ടു പിന്നാലെ വന്നിട്ടും
പിന്നെ നീയെങ്ങുപോയ് കണ്ടതില്ല !

സാധന ചെയ്തു ഞാൻ നേടിയ മാനസ-
ധ്യാനത്തിൽ നിന്നുള്ള മുക്തിയാലോ
താഡനമേറ്റു തകർന്നൊരു ജീവിത -
ബോധത്തിൽ വന്ന ശക്തിയാലോ .

ആത്മാവിൻ ചില്ലകളൊന്നായ് കുളുർക്കുമൊ-
രാത്മപ്രഹർഷാനുഭൂതി പോലെ
എന്നെ സംശുദ്ധമായ് തീർക്കുമൊരാനന്ദ-
ലബ്ധിയിലെന്നിൽ നീ വന്നു പോയി.

സ്നേഹഭാവങ്ങളൊരായിരം മിന്നി യാ-
മഹോന്നതരൂപം പിന്നെങ്ങുപപോയി
സാഗരമേഴും കടന്നു ഞാൻ വന്നിതാ
സപ്തസ്വരങ്ങളും മീട്ടീടുന്നു.

നിൻമുഖം കണ്ടുഞാൻ, മാത്രയിൽ നീയൊരു
നഷ്ടസൗന്ദര്യമായ് തീർന്നുവല്ലോ
ഒന്നുകൂടൊന്നു വന്നെത്തി നിന്നിടട്ടെ
ഇന്നെങ്കിലുമെന്റെതൂലികയിൽ!

നവനീത് കൃഷ്ണൻ 9 എ



## മഹത്തായ കണ്ടുപിടുത്തങ്ങൾ

1 ലേസർ പ്രിന്റർ കണ്ടുപിടിച്ചതാര്

ഗാരി സ്റ്റാർക്ക് വെതർ

2 സ്വതന്ത്ര വിജ്ഞാനകോശമായ വിക്കിപീഡിയയുടെ സ്ഥാപകൻ

ജിമ്മി വെയ്ൽസ് ലാറിസേഞ്ചൽ

3 സ്വതന്ത്രസോഫ്റ്റ് വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ

റിച്ചാർഡ്സ്റ്റാൾമാൻ

4 സി ഡി കണ്ടുപിടിച്ചതാര്

ജയിംസ് റസ്സൽ

5 ആദ്യത്തെ വീഡിയൊ ഗെയിം വികസിപ്പിച്ചെടുത്തതാര്

സ്റ്റീവ് റസൽ

6 മൈക്രോസോഫ്റ്റ് കമ്പനിയുടെ സ്ഥാപകർ

ബിൽഗ്രേറ്റ്, പോൾ അലൻ

7 ഇന്റർനെറ്റിന്റെ സ്ഥാപകൻ

വിന്റ് സർഫ്

8 അനലറ്റിൽ എൻജിൻ കണ്ടുപിടിച്ചതാര്

ചാൾസ് ബബേജ്

9 സൂപ്പർകമ്പ്യൂട്ടർ കണ്ടുപിടിച്ചതാര്

സേമൂർ ക്രേ

10 സൈബർ സ്പേസിന്റെ ഉപജ്ഞാതാവ് ആര്

വില്യം ഗിബ്സൺ

11 ഫേസ്ബുക്കിന്റെ സ്ഥാപകൻ

മാർക് സകർബർഗ്

12 ആപ്പിൾ കമ്പ്യൂട്ടേഴ് സ് കണ്ടുപിടിച്ചതാര്

സ്റ്റീഫൻ വോസ്നാക്ക് , സ്റ്റീവൻ ജോബ്സ്

13 മൗസ് കണ്ടുപിടിച്ചതാര്

ഡഗ്ലസ് എങ്കിൾബർട്ട്

14 ലിനക്സ് ഓപ്പറേറ്റിംങ്സിസ്റ്റത്തിന്റെ സ്ഥാപകൻ

ലിനക്സ് ടൊർവാർഡ്സ്

15 WWW എന്ന ആശയം ആവിഷ്കരിച്ചതാര്

ടിം ബർണേഴ്സലി

16 ഫോർട്രാൻ എന്ന കമ്പ്യൂട്ടർ ഭാഷയുടെ ഉപജ്ഞാതാവ് ആര്

ജോണ് വാർണർ ബാക്കസ്

17 വിക്കിപീഡിയ സ്ഥാപകൻ ആര്

ജിമ്മിവെയ് ൽസ്

18 LOGO എന്ന കമ്പ്യൂട്ടർ ഭാഷയുടെ ഉപജ്ഞാതാവ് ആര്

സൈമൂർ

19 പഞ്ച്കാർഡ് ആദ്യമായി കണ്ടുപിടിച്ചതാര്

ഹെർമൻ ഹോളറിത്ത്

20 ഹൈപ്പർ ടെക്സ്റ്റ് എന്ന പദത്തിന്റെ ഉപജ്ഞാതാവ് ആര്

ടെഡ്നെൽസൺ

21 ക്യാമറ എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് ആര്

അൽഹെയ്ത്താം

22 റോബോട്ടിക്സിന്റെ പിതാവ് ആര്

ജോസഫ് ഫ്രെഡറിക്എംഗൽ ബർജർ

23 ബ്രെയിലി ലിപി കണ്ടുപിടിച്ചതാര്

ലൂയിബ്രെയിൽ

# പൂർണ്ണ രൂപങ്ങൾ


| | |
|---|---|
| AO | അമേരിക്കൻ ഓൺലൈൻ |
| USB | യൂണിവേഴ്സൽ സീരിയൽ ബസ് |
| TIFF | റ്റാഗ്ഡ് ഇമേജ്ഫയൽഫോര്ഡമാറ്റ് |
| CMC | കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ |
| PDN | പബ്ലിക്ഡേറ്റാ നെറ്റ് വർക് |
| SBC | സിംഗിൾ ബോർഡ് കമ്പ്യൂട്ടർ |
| VDU | വിഷ്വൽ ഡിസ്പ്ലേ യൂണിറ്റ് |
| SIM | സബ്സ് ക്രൈബർ ഐഡന്റിറ്റി മൊഡ്യൂൾ |
| DTH | ഡയറക്ട് റ്റു ഹോം |
| GPL | ജനറൽ പബ്ലിക്ക് ലൈസൻസ് |
| LED | ലിക്വിഡ് ക്രിസ്റ്റൽ ഡിസ്പ്ലേ |
| LCD | ലൈറ്റ് എമിറ്റിംഗ് ഡയോഡ് |
| PDF | പോർട്ടബിൾ ഡോക്യുമെന്റ് ഫോർമാറ്റ് |

# ചങ്ങമ്പുഴ കൃഷ്ണപിള്ള (1911-1948)

എറണാകുളത്തെ ഇടപ്പള്ളിയിൽ ജനനം മലയാള കാല്പനികപ്രസ്ഥാനത്തിൽ ജ്വലിച്ച നിൽക്കുന്ന ഒരു ഉജ്ജ്വലനക്ഷത്രമാണദ്ദേഹം. രമണൻ, ബാഷ്പാഞ്ജലി,സങ്കല്പകാന്തി,സ്പന്ദിക്കുന്ന അസ്ഥിമാടം,രക്തപുഷ്പങ്ങൾ.തുടങ്ങിയവ പ്രധാന കൃതികൾ.നിരവധി വിവർത്തനകൃതികളും ചങ്ങമ്പുഴയുടേതായിട്ടുണ്ട്. കളിത്തോഴൻ എന്നും അറിയപ്പെടുന്ന കവിയാണ് ചങ്ങമ്പുഴ. **തന്റെ കൂട്ടുകാരൻ ഇടപ്പള്ളിയുടെ നിര്യാണത്തിൽ മനംനൊന്ത് എഴുതിയ കവിതയാണ് രമണൻ.**

# എന്റെ ഗ്രാമം

അഞ്ജു ഒ പി 9 ബി



ABIN KRISHNAN 9 B

# song of a dream

sarojini naidu

**ONCE in the dream of a night I stood**
**lone in the light of a magical wood';**
**soul-deep in visions that poppy-like sprang**
**And spirits of truth were the birds that sang,**






# പരിസ്ഥിതിദിനം

ബിജിൻ ബി 9 ബി



സച്ച എസ് 9 ബി


# മർകസ് ഹോവൻ

ഗണിത പഠനത്തിന് ഏറെ സഹായകമായ ഒരു സോഫ്റ്റ്വെയറാണ് ജിയോജിബ്ര. വിവിധ ഓപ്പറേറ്റിങ് സിസ്റ്റങ്ങളിൽ പ്രവർത്തിക്കുന്ന തരത്തിൽഈ സോഫ്റ്റ് വെയർലഭ്യമാണ്.ഗ്നു/ലിനക്സിൽ പ്രവർത്തിക്കുന്ന Geogibra4' ആണ് നാം പഠനപ്രവർത്തനത്തിന് ഉപയോഗിക്കുന്നത്. ആസ്ട്രിയയിലുള്ളസാൽസ് ബർഗ് യൂണിവേഴ്സിറ്റിയിലെ അധ്യാപകനായിരുന്ന മർകസ്ഹോവൻ 2001-ൽ ഇത്നിർമ്മിക്കുകയും ഇപ്പോഴും മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുഇത് പൂർണമായും സ്വതന്ത്ര സോഫ്റ്റ് വെയർഗണത്തിൽ പെട്ടതാണ്.

# ആൻഫ്രാങ്ക്



ബൈബിളിനശേഷം കഥേതരവിഭാഗത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട പുസ്തകം ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളാണ്.ലോകമെമ്പാടും 60 ഭാഷകളിലായി മൂന്നുകോടിയോളം കോപ്പികൾ വിറ്റഴിഞ്ഞു. ആനിന്റെ ഡയറി ദഡയറി ഓഫ് ഫ്രാങ്ക്എന്ന പേരിൽ 1959 ൽ ചലച്ചിത്രമായി.ജോർജ്ജ് സ്റ്റീവൻസൺ ആണ് ഈ ചിത്രം സംവിധാനം ചെയ്തത്.27 വർഷം നീണ്ട തന്റെ ജയിൽ ജീവിതകാലത്ത് തനിക്കു ധൈര്യവും ആത്മവിശ്വാസവും നൽകിയത് ഒളിയിടത്തിരുന്ന് ആൻഫ്രാങ്ക് എഴുതിയ ഡയറിക്കുറിപ്പുകളാണെന്ന് ജയിൽ മോചിതനായ ശേഷം നെൽസൺ മണ്ടേല പറയുകയുണ്ടായി



# SAVE THE EARTH

പ്രണവ് 9 ബി

